വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് നൽകുന്ന അപേക്ഷകളിലും അനുബന്ധ സർട്ടിഫിക്കറ്റുകളിലും അറ്റസ്റ്റേഷൻ നിർബന്ധമാക്കിയ നടപടി

162 (2882) ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് നൽകുന്ന അപേക്ഷകളിലും അനുബന്ധ സർട്ടിഫിക്കറ്റുകളിലും അറ്റസ്റ്റേഷൻ നിർബന്ധമാക്കിയതുമൂലം വിദ്യാർത്ഥികളും ഗസറ്റഡ് ഉദ്യോഗസ്ഥരും ഏറെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഡ്മിഷൻ വേളയിൽ ഒറിജിനൽ സർട്ടിഫിക്കറ്റുമായി ഒത്ത് നോക്കി എളുപ്പത്തിൽ ആധികാരികത നിർണ്ണയിക്കാമെന്നിരിക്കെ അപേക്ഷകളും സർട്ടിഫിക്കറ്റുകളും വിദ്യാർത്ഥികൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയെന്ന് തീരുമാനമെടുക്കുമോ ;

(സി) എങ്കിൽ ഈ അദ്ധ്യയനവർഷം തന്നെ ഇക്കാര്യം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ നടപടി

162 (2884) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ അംഗീകാരമുള്ള സ്കൂളുകളുടെ ലിസ്റ്റ് വ്യക്തമാക്കാമോ ;

(ബി) എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങൾക്ക് പ്രത്യേകം അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ അവയുടെ ലിസ്റ്റും വ്യക്തമാക്കാമോ ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly